# പതിമൂന്നാം കേരള നിയമസഭ

**(THIRTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്റ്റ് കമ്മിറ്റി VIII

## (SUBJECT COMMITTEE VIII)

## സാമ്പത്തിക കാര്യങ്ങൾ

**(ECONOMIC AFFAIRS)**

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
## മൂന്നാമത് റിപ്പോർട്ട്
## (2013-14)

**THIRD REPORT**
**ON**
**THE SCRUTINY OF DEMANDS FOR GRANTS**
**(2013-14)**

2013 ജൂൺ 10-ാം തീയതി സമർപ്പിച്ചത്

(Presented on 10th June, 2013)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2013

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2013

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി VIII

## (SUBJECT COMMITTEE VIII)

സാമ്പത്തിക കാര്യങ്ങൾ
(ECONOMIC AFFAIRS)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
മൂന്നാമത് റിപ്പോർട്ട്
(2013-14)

THIRD REPORT ON THE SCRUTINY OF DEMANDS
FOR GRANTS
(2013-14)

718/2013.

# ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്റ്റ് കമ്മിറ്റി VIII—സാമ്പത്തിക കാര്യങ്ങൾ (2011-2013)

ഘടന

ചെയർമാൻ :

ശ്രീ. കെ. എം. മാണി,
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. കെ. ബാബു,
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി

ശ്രീ. അനൂപ് ജേക്കബ്,
ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി

ശ്രീ. വി. ചെന്താമരാക്ഷൻ

„ കോവൂർ കുഞ്ഞുമോൻ

„ മുല്ലക്കര രത്നാകരൻ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. വി. ഡി. സതീശൻ

ഡോ. ടി. എം. തോമസ് ഐസക്

ശ്രീ. എം. പി. വിൻസെന്റ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

„ കെ. ഉദയകുമാർ, ജോയിന്റ് സെക്രട്ടറി

„ തോമസ് ചെട്ടുപറമ്പിൽ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

## അവതാരിക

2013-2014 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ സബ്ജക്റ്റ് കമ്മിറ്റി VIII (സാമ്പത്തിക കാര്യങ്ങൾ)-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2013 ഏപ്രിൽ 22, 29 എന്നീ തീയതികളിൽ സമിതി യോഗംചേർന്ന് കേരള നിയമസഭയുടെ ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള വിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു :

| | |
|---|---|
| ധനാഭ്യർത്ഥന നമ്പർ V | —കാർഷികാദായനികുതിയും വിൽപ്പന നികുതിയും |
| ധനാഭ്യർത്ഥന നമ്പർ VII | —മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും |
| ധനാഭ്യർത്ഥന നമ്പർ VIII | —എക്സൈസ് |
| ധനാഭ്യർത്ഥന നമ്പർ X | —ട്രഷറികളും അക്കൗണ്ടുകളും |
| ധനാഭ്യർത്ഥന നമ്പർ XI | —ജില്ലാഭരണവും പലവകയും |
| ധനാഭ്യർത്ഥന നമ്പർ XIV | —സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും |
| ധനാഭ്യർത്ഥന നമ്പർ XVI | —പെൻഷനും പലവകയും |
| ധനാഭ്യർത്ഥന നമ്പർ XXVIII | —പലവക സാമ്പത്തിക സർവ്വീസുകൾ |
| ധനാഭ്യർത്ഥന നമ്പർ XLIII | —നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും |
| ധനാഭ്യർത്ഥന നമ്പർ XLV | —പലവക വായ്പകളും മുൻകൂറുകളും |
| ധനാഭ്യർത്ഥന നമ്പർ XLVI | —സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും |

ധനാഭ്യർത്ഥനകളുടെ പരിശോധനാവേളയിൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിശോധിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ സന്നിഹിത രായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിശദീകരണം ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അഭിപ്രായങ്ങൾ രൂപീകരിക്കുയും നിഗമനങ്ങളിൽ എത്തിച്ചേരുകയും ചെയ്തു. സമിതിയുടെ ശിപാർശകളും നിർദ്ദേശങ്ങളും ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

2013 മേയ് മാസം 15-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

കെ. എം. മാണി,

തിരുവനന്തപുരം,
2013 മേയ് 15.

*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി VIII.*

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ V—കാർഷികാദായ നികുതിയും വിൽപ്പന നികുതിയും

വോട്ട് ചെയ്തത് : 19,969.13 ലക്ഷം രൂപ

ചാർജ് ചെയ്തത് : 5 ലക്ഷം രൂപ

4059-01-051-75-16—വാണിജ്യ നികുതി വകുപ്പ്—വൻകിട മരാമത്ത് പണികൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം : 500 ലക്ഷം രൂപ

1. വാണിജ്യ നികുതി വകുപ്പിൽ വൻകിട മരാമത്ത് പണികൾക്കായി ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണ്. വാളയാറിൽ എക്സ്ചേഞ്ച് ടെർമിനൽ സിസ്റ്റം ഏർപ്പെടുത്തുന്നതിനും 2012-13 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളതും കഴിഞ്ഞ സാമ്പത്തികവർഷം നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലാത്തതുമായ മഞ്ചേശ്വരം സംയോജിത ചെക്ക് പോസ്റ്റ് നിർമ്മാണത്തിനും, മുത്തങ്ങ, വഴിക്കടവ്, ആര്യങ്കാവ് എന്നിവിടങ്ങളിൽ വെയ്ബ്രിഡ്ജുകളോടു കൂടിയ സംയോജിത ചെക്ക് പോസ്റ്റ് സ്ഥാപിക്കുന്നതിനും 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ VII—മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും

വോട്ട് ചെയ്തത് : 15,409.84 ലക്ഷം രൂപ

ചാർജ് ചെയ്തത് : ഇല്ല

2030-03-001-99-21(1)—രജിസ്ട്രേഷൻ, ഭരണം—മോട്ടോർ വാഹനങ്ങൾ-വാഹനം വാങ്ങൽ

ബഡ്ജറ്റ് വിഹിതം : ഇല്ല

2. രജിസ്ട്രേഷൻ വകുപ്പിന്റെ കണ്ടം ചെയ്ത വാഹനത്തിനുപകരം വാഹനം വാങ്ങുന്നതിന് അനുമതി ലഭിക്കുന്ന മുറയ്ക്ക് 25 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2030-03-001-96-06—ജില്ലാ ഓഫീസുകൾ—വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം : 10 ലക്ഷം രൂപ

3. എറണാകുളം ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ, ഡിസ്ട്രിക്ട് രജിസ്ട്രാർ, പ്രിൻസിപ്പൽ സബ് രജിസ്ട്രാർ എന്നീ ഓഫീസുകൾ കൊച്ചി മെട്രോ റെയിൽ നിർമ്മാണത്തിനുവേണ്ടി ഒഴിയേണ്ടതിനാൽ വാടക കെട്ടിടത്തിൽ മാറേണ്ടതായുണ്ട്. വാടകയിനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 12 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2030-03-001-90—രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവൽക്കരണം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം : 100 ലക്ഷം രൂപ

4. അഞ്ച് സബ് രജിസ്ട്രാർ ഓഫീസുകളിൽ റിക്കോർഡുകൾ സൂക്ഷിക്കുന്നതിനുള്ള കോംപാക്റ്റർ സൗകര്യം ഏർപ്പെടുത്തുന്നതിനായി 175 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2030-01-102-99—മുദ്രപ്പത്ര വില്പന ചെലവുകൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം : 119 ലക്ഷം രൂപ

5. മുദ്രപ്പത്രങ്ങളുടെ വില്പന വർദ്ധിക്കുന്നതനുസരിച്ച് ഡിസ്കൗണ്ട് ഇനത്തിലെ ചെലവ് വർദ്ധിക്കുന്നതിനാൽ ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ 30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ VIII—എക്സൈസ്

വോട്ട് ചെയ്തത് : 18,205.33 ലക്ഷം രൂപ

ചാർജ് ചെയ്തത് : 10 ലക്ഷം രൂപ

2039-00-001-95—മദ്യാസക്തിക്കെതിരായ പ്രചരണം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം : 50 ലക്ഷം രൂപ

6. മദ്യലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ സമഗ്രമായ മദ്യലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2039-00-001-92—ജില്ലാ മൊബൈൽ അനലറ്റിക്കൽ ലബോറട്ടറികൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം : 40 ലക്ഷം രൂപ

7. ലൈസൻസ് നേടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലൂടെ ശുദ്ധമായ മദ്യം വിതരണം ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും മദ്യത്തിന്റെ സാമ്പിൾ ശേഖരിച്ച് രാസപരിശോധനാഫലം ഉടനടി ലഭ്യമാക്കുന്നതിനും രണ്ട് മൊബൈൽ രാസപരിശോധനാ ലാബുകൾ ഏർപ്പെടുത്തുന്നതിന് 25 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

8. മദ്യത്തിന്റെ സാമ്പിൾ പരിശോധനയ്ക്കായി എടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ സർക്കാർ നോട്ടിഫൈ ചെയ്തിട്ടുണ്ടെങ്കിലും സാമ്പിളിന് വില നൽകുന്നതിനായി പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ട് നിലവിലില്ല എന്നു സമിതി മനസ്സിലാക്കുന്നു.

ആയതിനാൽ ബാർ ഹോട്ടലുകളിൽ നിന്നും മദ്യത്തിന്റെ സാമ്പിൾ എടുക്കുമ്പോൾ സാമ്പിളിന് വില നൽകുന്നതിനായി 25 ലക്ഷം രൂപ പുതിയ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2039-00-001-99-06(15)—രഹസ്യസേവനച്ചെലവുകൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം : 5 ലക്ഷം രൂപ

9. എക്സൈസ് വകുപ്പിന് വ്യാജമദ്യം സംബന്ധിച്ച് രഹസ്യവിവരം നൽകുന്നവർക്ക് പാരിതോഷികം നൽകുന്നതിനായി ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമേ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ X—ട്രഷറികളും അക്കൗണ്ടുകളും

| | | |
|---|---|---|
| വോട്ട് ചെയ്തത് | : | 17,686.85 ലക്ഷം രൂപ |
| ചാർജ് ചെയ്തത് | : | ഇല്ല |

2054-00-095-96—അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തലും എ.ടി.എമ്മും സെൻട്രൽ സെർവ്വർ സമ്പ്രദായം നടപ്പിലാക്കലും

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം : 700 ലക്ഷം രൂപ

10. ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിക്കും എ.ടി.എം. സെൻട്രൽ സെർവ്വർ സംവിധാനം നടപ്പാക്കൽ പദ്ധതിക്കുമായി ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ട്രഷറി ഇടപാടുകളുടെ വേഗതയും സുതാര്യതയും ട്രഷറി സേവനങ്ങളുടെ കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ട്രഷറികളിൽ എ.ടി.എം. സംവിധാനം ഏർപ്പെടുത്തുക, പുതിയ ട്രഷറി പണിയുക, പഴയ ട്രഷറി ഓഫീസുകൾ നവീകരിക്കുക, പുതിയ ഫർണിച്ചറുകൾ, പുതിയ കമ്പ്യൂട്ടറുകൾ/അനുബന്ധ ഉപകരണങ്ങൾ വാങ്ങുക, ട്രഷറി ആസ്ഥാന മന്ദിര നിർമ്മാണം എന്നിവയ്ക്കായി 12 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2054-00-098-99—ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം : 139.99 ലക്ഷം രൂപ

11. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ 14 ജില്ലാ കാര്യാലയങ്ങളിലും മറ്റ് ഓഡിറ്റ് ഓഫീസുകളിലുമായി 2012-13 സാമ്പത്തിക വർഷത്തിൽ യാത്രാബത്തയിനത്തിൽ കുടിശ്ശിക നൽകാനുള്ളതിനാൽ വകുപ്പിന് യാത്രാബത്തയിനത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2054-00-098-88—ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ടുമെന്റിലെ കമ്പ്യൂട്ടർവൽക്കരണം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം : 200 ലക്ഷം രൂപ

പദ്ധതിയേതരം : 4545.65 ലക്ഷം രൂപ

12. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ജീവനക്കാർക്ക് കാലാകാലങ്ങളിൽ പരിശീലനം നൽകുകയും വകുപ്പ് ആധുനികവൽക്കരിക്കുകയും ചെയ്യുന്നതിനായി ജില്ലാ കാര്യാലയങ്ങളുമായി വീഡിയോ കോൺഫറൻസിംഗ് സൗകര്യം, മുതിർന്ന ഓഫീസർമാർക്ക് ഐ-പാഡ്, ഓഡിറ്റ് സോഫ്റ്റ്‌വെയറിന്റെ ഉപയോഗത്തിന് സ്വന്തമായി സെർവർ സൗകര്യം ഒരുക്കൽ, നൽകിയിട്ടുള്ള ലാപ്ടോപ്പുകൾക്ക് ഇന്റർനെറ്റ് മോഡം ലഭ്യമാക്കൽ, സമ്പൂർണ്ണ കമ്പ്യൂട്ടർ പരിശീലനം എന്നിവയ്ക്കായി ബഡ്ജറ്റിൽ പദ്ധതിയിനത്തിൽ അനുവദിച്ച തുകയ്ക്ക് പുറമേ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും

വോട്ട് ചെയ്തത് : 37,111.98 ലക്ഷം രൂപ

ചാർജ് ചെയ്തത് : 10,000 രൂപ

2070-00-003-99—ഐ.എ.എസ്. പ്രൊബേഷൻകാരുടെ പരിശീലനം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം : 20 ലക്ഷം രൂപ

13. ഐ.എ.എസ്. പ്രൊബേഷണർമാരുടെ ട്രെയിനിംഗുമായി ബന്ധപ്പെട്ട് എൽ.ബി.എസ്., എൻ.എ.എ., സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ഐ.എം.ജി. എന്നീ സ്ഥാപനങ്ങൾക്ക് തുക നൽകുന്നതിനായി 16.5 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XVI—പെൻഷനും പലവകയും

വോട്ട് ചെയ്തത് : 11,27,637.12 ലക്ഷം രൂപ

ചാർജ് ചെയ്തത് : 539.05 ലക്ഷം രൂപ

2075-00-103-98—സംസ്ഥാന ഭാഗ്യക്കുറി-ഏജന്റുമാരുടെ കമ്മീഷൻ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം : 809 കോടി രൂപ

14. ലോട്ടറി വിറ്റുവരവ് കൂടുന്നതിനനുസരിച്ച് ഡിസ്കൗണ്ട്, ഏജന്റിനുള്ള സമ്മാനം എന്നിവയ്ക്ക് ആനുപാതികമായി വർദ്ധനവ് ഉണ്ടാകുമെന്നതിനാൽ ഈ ശീർഷകത്തിൽ 150 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-103-97—സംസ്ഥാന ഭാഗ്യക്കുറി-സമ്മാനദാനം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം : 693 കോടി രൂപ

15. സമ്മാനാർഹമായ ഭാഗ്യക്കുറി ടിക്കറ്റുകളുടെ സമ്മാനത്തുക ഇനത്തിൽ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 400 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-103-95—കാരുണ്യ ലോട്ടറിയിൽ നിന്നുള്ള അറ്റാദായം കാരുണ്യ ബെനവലന്റ് ഫണ്ടിലേക്ക് മുതൽകൂട്ടൽ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം : 110 കോടി രൂപ

16. കാരുണ്യ ലോട്ടറിയിൽ നിന്നും ലഭിക്കുന്ന വരുമാനം ക്യാൻസർ, കിഡ്നി, ഹൃദയ സംബന്ധമായ അസുഖങ്ങൾ എന്നിവമൂലം അവശത അനുഭവിക്കുന്ന രോഗികളുടെ ചികിത്സയ്ക്കായി ചെലവഴിക്കുന്നു. കാരുണ്യ പദ്ധതി വിപുലീകരിക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ കാരുണ്യ പദ്ധതിയുടെ വിപുലമായ നടത്തിപ്പിനായി ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-800-94—ഡിഫൻസ് സർവ്വീസുകളിലെ ധീരതയ്ക്കുള്ള കീർത്തി മുദ്രയ്ക്കർഹരായവർക്കും ആശ്രിതർക്കും ക്യാഷ് അവാർഡ് മറ്റു ചെലവുകൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം : 12 ലക്ഷം രൂപ

17. വിശിഷ്ട സേവനത്തിന് പുരസ്കാരങ്ങൾ ലഭിക്കുന്ന സായുധസേനാംഗങ്ങൾക്ക് നൽകിയിരുന്ന ഒറ്റത്തവണ ക്യാഷ് അവാർഡിന് 1962 മുതൽ മുൻകാല പ്രാബല്യം നൽകിയതിനാൽ അപേക്ഷകരുടെ എണ്ണം ഗണ്യമായി വർദ്ധിച്ചതിനാലും ധീരതാ പുരസ്കാരജേതാക്കൾക്ക് വാർഷികാംശമായി നൽകിയിരുന്ന തുക ഒറ്റത്തവണ ലംപ്സം ആയി നൽകുന്നതിനാലും നടപ്പ് സാമ്പത്തികവർഷം എല്ലാ വിഭാഗത്തിലുമായി ഏകദേശം 100 അപേക്ഷകരുണ്ടാകാൻ സാധ്യതയുള്ളതിനാലും ബഡ്ജറ്റിൽ ഈ ഇനത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 63 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-800-90—മുൻനാട്ടുരാജാക്കൻമാരുടെ കുടുംബാംഗങ്ങൾക്കുള്ള അലവൻസുകൾ പെൻഷൻ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം : 127.50 ലക്ഷം രൂപ

18. കേരളത്തിലെ, പ്രതിമാസം 600 രൂപയോ അതിൽ താഴെയോ ഫാമിലി ആന്റ് പൊളിറ്റിക്കൽ പെൻഷൻ വാങ്ങിവരുന്ന എല്ലാ മുൻനാട്ടുരാജാക്കന്മാരുടെയും, കുടുംബാംഗങ്ങളുടെയും പെൻഷൻ 1,000 രൂപയായും എറണാകുളം ജില്ലയിലെ ചേന്ദമംഗലം പാലിയം ഈശ്വരസേവ ട്രസ്റ്റിന് നൽകിവരുന്ന പൊളിറ്റിക്കൽ പെൻഷൻ 66.7%-വും കോട്ടയം മീനച്ചിൽ മുൻ നാട്ടുരാജാക്കന്മാരുടെ പെൻഷൻ 600-ൽ നിന്നും

3,000 രൂപയായും വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ 172.50 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-800-54—സർക്കാർ വകുപ്പുകൾക്ക് വേണ്ടി സ്ഥലം പൊന്നുംവിലയ്ക്ക് എടുക്കുന്നത് സംബന്ധിച്ച കേസുകളിൽ വിധി നടപ്പിലാക്കുന്നതിനായി കോടതിയിൽ കെട്ടിവെയ്ക്കൽ മൊത്ത തുക

ബഡ്ജറ്റ് വിഹിതം : ഇല്ല

19. സർക്കാർ വകുപ്പുകൾക്കായി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട എൽ.എ.ആർ. കേസുകൾക്ക് വിധി സംഖ്യ അനുവദിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ 50 കോടി രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-800-81—കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് അംശദാനം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം : 82.73 ലക്ഷം രൂപ

20. നിലവിലുള്ള ഹജ്ജ് ഹൗസിനോടനുബന്ധിച്ച് വനിതാ തീർത്ഥാടകർക്കായി പ്രത്യേകം സൗകര്യം ഒരുക്കുന്നതിനുള്ള കെട്ടിടം പണി പൂർത്തീകരിക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 15 കോടി 40 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

വോട്ട് ചെയ്തത് : 2,22,258.13 ലക്ഷം രൂപ

ചാർജ് ചെയ്തത് : ഇല്ല

2235-60-110-98-05—ജില്ലാ ഓഫീസുകൾ-ഓഫീസ് ചെലവുകൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം : 9.11 ലക്ഷം രൂപ

21. സംസ്ഥാന ഖജനാവിന്റെ പബ്ലിക് അക്കൗണ്ടിലേക്ക് വരുമാനം സ്വരൂപിക്കുന്ന ഇൻഷ്വറൻസ് വകുപ്പിനെ വാണിജ്യ വകുപ്പായി പ്രഖ്യാപിച്ചിട്ടുള്ളതിനാൽ പേയ്മെന്റ് വ്യവസ്ഥയിൽ സ്റ്റേഷനറി വാങ്ങുന്നതിനും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, വൈദ്യുത ചാർജ് എന്നിവയ്ക്കുമായി ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ അനുവദിച്ച തുകയ്ക്ക് പുറമേ 2 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-110-99-06—സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ്-വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം : 30 ലക്ഷം രൂപ

22. സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ വാടകകുടിശ്ശിക നൽകുന്നതിനും, വാടക നൽകുന്നതിനും ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 44.02 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-110-99-21(1)—മോട്ടോർ വാഹനങ്ങൾ, വാഹനം വാങ്ങൽ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം : 1,000 രൂപ

23. ഇൻഷ്വറൻസ് വകുപ്പിന് വാഹനം വാങ്ങുന്നതിന് അനുമതി ലഭിച്ചതിനാൽ ഇപ്പോൾ അനുവദിച്ച തുകയ്ക്ക് പുറമേ 9.57 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കെ. എം. മാണി,
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി VIII.*

തിരുവനന്തപുരം,
2013 മേയ് 15.